# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4214 | 25.06.2018-ലെ മറുപടി

### അരുവിക്കര പഞ്ചായത്തിൽ ആരംഭിച്ച കുപ്പിവെള്ള സംസ്കരണ പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അരുവിക്കര കുപ്പിവെള്ള സംസ്കരണ പ്ലാന്റ് തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | (എ) ബന്ധപ്പെട്ട അനുമതികൾ ലഭ്യമാവേണ്ടതുണ്ട്. |
| (ബി) അരുവിക്കര കുപ്പിവെള്ള സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; 2016-ന് ശേഷം പ്ലാന്റിന്റെ പൂർത്തീ കരണത്തിനായി എത്ര തുക വക യിരുത്തിയിട്ടുണ്ട്; | (ബി) കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണത്തിനായി ഇതുവരെ 11.20 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2016 ന് ശേഷം 1.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം എങ്ങനെയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പി വെള്ളപ്ലാന്റിന്റെ ജോലികൾ 95% ത്തോളം പൂർത്തിയായി കഴിഞ്ഞു. കുപ്പികൾ നിർമ്മിച്ച് ശുദ്ധീകരിച്ച വെള്ളം നിറക്കുന്നതിനുള്ള മെഷിനറീസ് സ്ഥാപിച്ച ടെസ്റ്റ് റൺ നടത്തിക്കഴിഞ്ഞു. വിവിധ വകുപ്പുകളിൽ നിന്നും/ ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി കേരള വാട്ടർ അതോറിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ